FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

25 JANUARY 2019
18 JAMAD'UL AWWAL 1440 AH

# INTERCESSION "SHAFA'AH" IN ISLAM
# ഇസ്ലാമിലെ ശഫാഅത്ത് /മദ്ധ്യസ്ഥത

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിലെ ശഫാ അത്ത് / മദ്ധ്യസ്ഥത** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇസ്ലാമിലെ ശാഫാഅത്തിന് പലരൂപങ്ങളായിരിക്കുന്നു. ദൗർഭാഗ്യവശാൽ വിശുദ്ധഖുർആനിലെ പ്രസ്തുതവചനത്തെ ചില ആളുകൾ തെറ്റായ നിലയിൽ വ്യഖ്യാനിച്ചിരിക്കുകയാണ്. അതായത് മരണപ്പെട്ട അവ്‌ലിയാക്കന്മാർ അഥവാ പ്രവാചകന്മാർ, അവർ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരെപോലെ, മനുഷ്യർക്കായി, ഇടപെടുവാൻ കഴിയുന്നതാണ്, എന്നാണവർ അതിനെ മനസ്സിലാക്കിയിരിക്കുന്നത്. അതിൻഫലമായിട്ടാണ് അവർ അവ്‌ലിയാക്കന്മാരെ ആരാധിക്കുന്നതിനായി മുന്നോട്ടുപോകുന്നത്.എല്ലായിടത്തും അത്തരം ദർഗാകൾക്ക്/ സ്മാരകമണ്ഡപങ്ങൾക്ക് അവർ രൂപം നല്കിവരുന്നു.

പ്രസംഗമധ്യേ ഹൂസൂർ *(atba)*ഈ ആഴ്ച നടത്തിയ ഒരു പ്രധാനപ്പെട്ട തബ്ലീഗ് വാർത്ത പുറത്തുവിടുകയുണ്ടായി. എല്ലാം നഷ്ടപ്പെട്ട വളരെ ധനസ്ഥിതി ഉണ്ടായിരുന്ന ഒരു മുസ്ലിം കുടുംബം, എപ്പോഴൊക്കെ അവർക്ക് നഷ്ടങ്ങൾ സംഭവിക്കുമോ, അപ്പോഴൊക്കെ, അവർ അല്ലാഹുവിലേക്ക് തിരിയുന്നതിനു പകരം, അവർ മുല്ലാക്കളെയും, മൗലവിമാരെയുമാണ് സമീപിച്ചിരുന്നത്, ഈ പുരോഹിതർ അവരെ തെറ്റായ

വഴിയിലേക്ക് തിരിച്ചുവിടുകയുണ്ടായി. അവരിൽ നിന്നും ഫീസിനു മുകളിൽ ഫീസ് ഇവർ വാങ്ങിക്കൊണ്ടിരുന്നു. അവർ പ്രാർത്ഥിക്കാം എന്നു പറഞ്ഞാണ് വാങ്ങുന്നത്. ഇവരെ അല്ലാഹുവിലേക്ക് വഴികാണിക്കുന്നതിനു പകരം അവരുടെ പള്ളവീർപ്പിക്കുവാനുള്ള ശ്രമമാണ് നടത്തിയത്. ദർഗാകളിൽ അന്ത്യവിശ്രമം കൊള്ളുന്ന മരണപ്പെട്ട പീർമാരെ വിളിച്ചു പ്രാർത്ഥിക്കുവാനാണ് പറഞ്ഞുകൊടുത്തത്. ഹുസൂർ *(atba)* പറഞ്ഞു, ഇതറിഞ്ഞപ്പോൾ, അതുപോലെ, ദർഗപണിയുന്നതിനായി വളരെയധികം പണം മുടക്കിയ ഹുസൂറിന്റെ ഒരു സ്നേഹിതനെയും, ഇസ്ലാമിന്റെ യഥാർത്ഥമായ അധ്യാപനം അവർ ഇരുവർക്കും പറഞ്ഞു കൊടുത്തപ്പോൾ, അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന മാർഗ നിർദ്ദേശം നല്കിയപ്പോൾ ഈ ആളുകളെല്ലാം (തന്റെ സ്നേഹിതനുൾപ്പെടെ) ഹുസൂറി *(atba)*നെതിരായി തിരിയുകയുണ്ടായി. ഹുസൂർ *(atba)* പറഞ്ഞു എന്റെ ബാധ്യത സന്ദേശം എത്തിക്കുക എന്നതുമാത്രമാകുന്നു. നിങ്ങൾ ഇഷ്ടപ്പെട്ടാലും ശരി, ഇഷ്ട്ടപ്പെട്ടില്ലെങ്കിലും ശരി! ഹുസൂറും *(atba)* കോപിഷ്ഠനായി (അടിപിടി ഉണ്ടാകുന്ന തരത്തിലുള്ള കോപമായിരുന്നില്ല) കാരണം, അവർ അല്ലാഹുവിലേക്കുള്ള വഴിയിൽ നിന്നും അവരെ സ്വയം തിരിച്ചുവിട്ടിരിക്കുന്നു. അല്ലാഹുവിനെ കൂടാതെ മറ്റു ചിലരെ കൂടി ഭരമേല്പിച്ചിരിക്കുന്നു. അവർക്കിപ്പോഴും ഇത്രയധികം നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ് എന്നവർ ചിന്തിക്കുന്നില്ല! വെള്ളം ഒഴുകി പോകുന്നതുപോലെ അവരുടെ ധനം ഒഴുകിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത മുല്ലാക്കളോ പണം വാരിക്കൂട്ടിക്കൊണ്ടിരിക്കുന്നു. ഈ പാവപ്പെട്ട മുസ്ലിം കുടുംബങ്ങൾ നിത്യ ദാരിദ്ര്യത്തിലകപ്പെടുകയും കടക്കാരായി മാറുകയും ചെയ്യുന്നു. ഇവർ അവരുടെ അഞ്ചുനേര നമസ്ക്കാരം പോലും നിർവഹിക്കാത്തവരാണ്. അവരുടെ വീടിനടുത്ത് ഒരു പള്ളി ഉണ്ടെങ്കിൽ പോലും! എന്നാൽ അവർ കൂടെകൂടെ പലതരം ദർഗകളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അവർക്ക് തഹജ്ജുദ് നമസ്ക്കാരം എന്താണെന്നും പോലും അറിയില്ല. ഹസൂർ *(atba)* തുടർന്നു പറഞ്ഞു ഈ കുടുംബം ആത്മാർത്ഥ

മായി അല്ലാഹുവിലേക്ക് തിരിഞ്ഞിരുന്നുവെങ്കിൽ, അവരെ അല്ലാഹു( ത) സഹായിക്കുമായിരുന്നു. എന്നാൽ അവർ അല്ലാഹുവിനേക്കാൾ മറ്റു ചിലർക്കാണ് പ്രാധാന്യം നല്കിയത്.

നാം മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, അതായത് അല്ലാഹു(ത) ആകുന്നു തന്റെ ദാസനു പറ്റിയ ഏറ്റവും നല്ല മദ്ധ്യസ്ഥൻ! എന്നതാകുന്നു. അവന്റെ എല്ലാവിധ പാപങ്ങളിൽ നിന്നും തെറ്റുകളിൽ നിന്നും മുക്തി നല്കുവാൻ പറ്റിയവൻ അവൻ മാത്രമാകുന്നു. അവൻ അവന് മാപ്പു നല്കുന്നവനാകുന്നു. അവന്റെ സന്തോഷവും സ്വർഗ്ഗവും അവനെ (ദാസനെ) അനുഭവിപ്പിക്കുവാനും കഴിവുള്ളവൻ അവൻ മാത്രമാകുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. പറയുക,ശുപാർശ മുഴുവനും അല്ലാഹുവിന് അധീനപ്പെട്ടതാണ് 39:45(അസ്സുമർ)

അതുമാത്രമല്ല, അല്ലാഹു (ത) അവൻ പ്രത്യേകമാക്കിയിട്ടുള്ള അവന്റെ ചിലദാസന്മാർക്ക് വിധിദിനത്തിൽ, അവന്റെ മറ്റു ചില ദാസന്മാർക്ക്, അനുകൂലമായി ശുപാർശ ചെയ്യുവാനുള്ള അനുവാദവും നല്കിയിട്ടുമുണ്ട്. ഇത് സംബന്ധമായി താഴെപറയുന്ന ഖുർആൻ വചനത്തിലൂടെ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നതു കാണുക. പരമകാരുണികനായ അല്ലാഹു സന്താനങ്ങളെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. (അവർ പറയുന്നത് ശരിയല്ല) അവൻ എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണ്. യഥാർത്ഥത്തിൽ (അവർ) ആദരണീയരായ അടിമകളാകുന്നു. അവർ വാക്കുകൊണ്ട് അവനെ (അല്ലാഹുവിനെ) മറികടക്കുകയില്ല. അവർ അവന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നതുമാണ്. അവരുടെ മുമ്പിലുള്ളതിനെയും പിമ്പിലുള്ളതിനെയും അവൻ അറിയുന്നു. അവൻ തൃപ്തിപ്പെടുന്നവർക്കല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല. അവനെ ഭയന്ന് അവർ വിറച്ചുകൊണ്ടിരിക്കുന്നു(21 :27-29) (അൽ അമ്പിയാഅ്)

ഹുസൂർ ***(atba)*** നിത്യവും നടത്തുന്ന ഖുർആൻപാരായണ വേളയിൽ ഇന്ന് പ്രഭാതത്തിൽ നടത്തിയ ഖുർആൻ പാരായണത്തിൽ, സൂറ:അമ്പിയാഅ്ലെ അല്ലാഹുവിന്റെ പ്രവാചകന്മാരുടെ ജീവിതത്തെ

പരാമർശിക്കുന്ന രംഗം ഹുസൂറിൽ *(atba)* വളരെ വലിയ വൈകാരികാവസ്ഥ സൃഷ്ടിക്കുകയുണ്ടായി എന്ന കാര്യവും പ്രസംഗ മധ്യേ പരാമർശിക്കുകയുണ്ടായി

നമുക്ക് അറിയാവുന്നതുപോലെ, കഴിഞ്ഞകാലഘട്ടങ്ങളിലെ ചില ജനതകൾ അവരുടെ പ്രവാചകന്മാരെ അഥവാ ദൂതന്മാരെ ദൈവപുത്രന്മാർ എന്ന് വിളിക്കപ്പെട്ടിരുന്നു. എന്നാൽ ഈ വചനം, മാനവകുലത്തിന്, ഒരു കണ്ണു തുറപ്പിക്കുന്ന സംഗതി തന്നെയാണ് ദൈവത്തിന്, ഒരു പുത്രനെ സ്ഥാപിക്കുന്നത്, അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള പങ്കുകാരെ ആരാധനയിൽ സ്ഥാപിക്കുന്നത്, പൈശാചിക കെണിയാണ്, അതിൽ മനുഷ്യർ ജാഗ്രതയിലായിരിക്കണം. മനുഷ്യനെ പോലുള്ള ഒരു ജീവി, ദൈവത്തിനു ജനിക്കുക എന്നത് (ദൈവം നമ്മെ കാക്കട്ടെ) ദൈവത്തിന്റെ മഹത്വത്തിന് ചേർന്നതല്ല. അതുമാത്രമല്ല, അല്ലാഹു(ത) പറയുന്നു എല്ലാ മനുഷ്യരും, അവന്റെ പ്രവാചകന്മാർ ഉൾപ്പെടെ എല്ലാവരുടെ മനുഷ്യർ തന്നെയാണ്. അല്ലാഹുവിന്റെ അനുവാദമില്ലാതെ, അംഗീകാരമില്ലാതെ അവർക്കാർക്കും ഒന്നും തന്നെ ചെയ്യുവാൻ സാധിക്കുകയില്ല. അവർ സ്വയം അല്ലാഹുവിനെ ഭയപ്പെടുന്നവരാകുന്നു. ഒന്നും തന്നെ ചെയ്യുന്നതിനായി അവർക്ക് മുന്നോട്ട് പോകുവാൻ സാധിക്കുകയില്ല. ആദ്യമായി അല്ലാഹുവിൽ നിന്ന് അത് ചെയ്യുന്നതിനുള്ള അനുവാദം അവർക്ക് ലഭിച്ചാലല്ലാതെ!

അങ്ങനെ നോക്കുമ്പോൾ, ഒരു മനുഷ്യനും മറ്റൊരു മനുഷ്യന് ഒരു മദ്ധ്യസ്ഥവും വഹിക്കുവാൻ കഴിയില്ല. മുൻകൂട്ടിയുള്ള അല്ലാഹുവിന്റെ അനുവാദമില്ലാതെ. അതു പ്രസ്തുത അനുവാദം നമുക്ക് ലഭ്യമാകുന്നത് മരണശേഷം ലഭ്യമാകുന്ന ആത്മീയ ശരീരത്തിനാകുന്നു. ഒരു പ്രവാചകന്റെ ആത്മീയ ശരീരത്തിനോ അഥവാ ഒരു മലക്കിനു തന്നെയുമോ, അല്ലാഹുവിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ, ഒരാളിന്റെ രക്ഷയ്ക്കെത്തുവാൻ സാധിക്കുകയില്ല. പാരത്രിക ലോക ജീവിത മണ്ഡലത്തിൽ!

നാം മനസ്സിലേക്കേണ്ട ഒരു കാര്യം, അല്ലാഹുവിന്റെ പ്രവാചകൻ മറ്റൊരു വ്യക്തിക്ക് മദ്ധ്യസ്ഥത വഹിക്കുന്നു എന്നതുകൊണ്ടർത്ഥമാ

ക്കുന്നത്, അത് അദ്ദേഹത്തിന്റെ ജീവിതകാലത്താണെങ്കിലും ശരി, ദൈവീക ദൃഷ്ടാന്തസമയത്താണെങ്കിലും ശരി, അഥവാ മരണാനന്തര മാണെങ്കിലും ശരി, ഒരാളിന്റെ ആത്മാവ് ചില പ്രശ്നങ്ങളിലകപ്പെട്ടിരി ക്കുകയാണ്, അല്ലാഹുവിന്റെ മുമ്പിൽ അവന്റെ വിധിയുമായി ബന്ധപ്പെട്ട്! അപ്പോൾ പോലും, അല്ലാഹുവിന്റെ കാരുണ്യം പ്രസ്തുത കാര്യത്തിൽ ഇടപെടുകയാണ് അല്ലാഹു(ത) സ്വയം തന്നെ പ്രശ്നത്തിലിടപെട്ട് പ്രസ്തുത വ്യക്തിക്ക് മാപ്പു ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കു കയാണ്. തന്റെ പ്രവാചകൻ, അല്ലെങ്കിൽ ഖലീഫയ്ക്ക്, പ്രസ്തുത വ്യക്തിയ്ക്കുവേണ്ടി മാദ്ധ്യസ്ഥംവഹിക്കുവാനുള്ള അനുവാദം നല്കു കയാണ്, യഥാർത്ഥത്തിൽ പ്രസ്തുത വ്യക്തിക്ക് മാപ്പ് കൊടുക്കുവാൻ അല്ലാഹു(ത) തീരുമാനിച്ചു കഴിഞ്ഞ കാര്യമാണ്, എന്നാൽ അവൻ അല്ലാഹു ഈ അനുഗ്രഹം ചെയ്യുവാനായി അവന്റെ ദൂതന്മാരെ മധ്യ സ്ഥന്മാരായി അവൻ തെരഞ്ഞെടുക്കയാണ്, അവൻ അവന്റെ ദൂതന്മാരെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നറിയിക്കാനായി, അല്ലാഹുവിന്റെ മുമ്പിൽ അവർക്ക് എത്ര മഹത്തായ പദവിയാണുണ്ടായിരുന്നത് എന്ന റിയിക്കാനായി ! കാരണം അവരുടെ ഭക്തി പ്രകടനവും അവനോടുള്ള അനുസരണവും, ഭൂമിയിലെ അവന്റെ പ്രത്യേക പ്രതിനിധികൾ എന്ന നിലയിൽ എത്ര മഹോന്നതമായിരുന്നു എന്നറിയിക്കാനായിട്ടാണ് ശഫാ അത്ത് എന്ന അനുഗ്രഹം നല്കിയിരിക്കുന്നത്!

ഒരു പ്രവാചകന്റെ അല്ലെങ്കിൽ ഖലീഫത്തുല്ലാഹ്യുടെ ജീവിത കാലത്ത് മദ്ധ്യസ്ഥതയ്ക്കുള്ള ഈ പ്രത്യേക അനുവാദം നല്കുന്നത് അല്ലാഹുവിന്റെ സത്യതയ്ക്കുള്ള ഒരു അടയാളമായി വർത്തിക്കുന്നു. ഒരടയാളം അല്ലാഹു(ത) ഉപയോഗപ്പെടുത്തുകയാണ്. ജനങ്ങളെ ബോധ്യ പ്പെടുത്തുവാനായി, തന്റെ പ്രതിനിധിയ്ക്ക് അനുകൂലമായ പിന്താങ്ങലും അവന്റെ നിറസാന്നിദ്ധ്യവും ഉണ്ട് (എന്നറിയിക്കാനായി) എല്ലാ പ്രവാ ചകന്മാർക്കും മുജദ്ദിദീങ്ങൾക്കും അവരുടെ ജീവിതകാലത്ത് ഈ അനു ഗ്രഹം ലഭിക്കുന്നതാണ്. മരണശേഷവും അവർക്ക് ഈ അനുഗ്രഹം അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് എപ്പോൾ എവിടെ ആവശ്യമുണ്ടോ അപ്പോൾ അവൻ അവർക്ക് നല്കുന്നതാണ്.

ഉദാഹരണമായി പറഞ്ഞാൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അല്ലാഹു(ത) എനിക്ക് രണ്ടു നിലയിലുള്ള ശഫാഅത്ത് നല്കിയിട്ട് ഇഷ്ടമുള്ള ഒരെണ്ണം തെരഞ്ഞെടുക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. ശഫാഅത്ത് എന്ന് അധികാരം വേണോ? അതോ കണക്കു നോക്കാതെ പകുതി ഉമ്മത്തിനെ സ്വർഗ്ഗത്തിലേക്ക് കടത്തിവിടണമോ? ഞാൻ ശഫാഅത്ത് എന്ന അധികാരത്തെ തെരഞ്ഞെടുക്കുകയുണ്ടായി. കാരണം അതാണ് വളരെ പ്രാധാന്യമുള്ളതും വളരെ പ്രയോജനകരവും, എന്റെ ശുപാർശ സ്വാത്വികരായ മുസ്ലിംകൾക്കുള്ളതാണെന്ന് കരുതുന്നുണ്ടോ? അല്ല, മറിച്ച് ഇത് പാപികൾക്കുള്ളതാണ്, അവർ പാപത്തിൽ ആഴ്ന്ന് പോയവരാണ്. വളരെ വലിയ പാപം ചെയ്തവരാണ്. (ഇബ്ന് മാജ, അഹ്മദ്)

എന്നാൽ അല്ലാഹു(ത) ഒരു അനുവാദവും നല്കാത്ത സന്ദർഭങ്ങളും ഉണ്ട്. മനുഷ്യനിൽ എത്ര കണ്ട് കാരുണ്യം ഉണ്ടായാലും ശരി, വിശിഷ്യാ ദൈവ പ്രതിനിധിയിൽ, അവർ അവരുടെ അടുത്ത ആളുകൾക്ക് വേണ്ടി മാപ്പിനായി അർത്ഥിക്കുന്നു. അതായത് അവരുടെ രക്തബന്ധത്തിലും മറ്റും നിലയിലും അടുപ്പമുള്ളവർക്കായി !ഹസ്രത് ഇബ്റാഹീം (അ)ന്റെ ഉദാഹരണത്തിലൂടെ ഇതു വ്യക്തമാക്കുവാൻ കഴിയുന്നതാണ്. അദ്ദേഹത്തിന്റെ പിതാവിന് മാപ്പ് ലഭിക്കുവാനായി അദ്ദേഹം അല്ലാഹുവിനോടു പ്രാർത്ഥിച്ചു. അദ്ദേഹം ഒരു വിഗ്രഹനിർമ്മാതാവും വിഗ്രഹാരാധകനുമായിരുന്നു. കാരണം ഇബ്റാഹീം (അ)ന് തന്റെ ആന്തരിക ഹൃദയത്തിൽ അറിയാവുന്നതാണ്. അല്ലാഹു(ത) വെറുക്കുന്ന കാര്യമാണ് ശിർക്ക് എന്നത്. (ആരാധനയിൽ അല്ലാഹുവിനോടൊപ്പം മറ്റൊന്നിനെ പങ്കുചേർക്കൽ) എന്നിട്ടുപോലും അദ്ദേഹം തന്റെ പിതാവിന് വേണ്ടി മാപ്പിനായി അല്ലാഹുവിനോട് അപേക്ഷിച്ചു. എന്നാൽ അല്ലാഹു(ത) പ്രാർത്ഥന സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു(ത) അദ്ദേഹത്തിന്റെ ഇബ്റാഹീം (അ)ന്റെ ഹൃദയ നൈർമല്യത്തേയും പരിശുദ്ധതയേയും അംഗീകരിച്ചു.

അല്ലാഹു(ത) പറയുന്നു. ഇബ്റാഹീം തന്റെ പിതാവിനു വേണ്ടി പാപമോചന പ്രാർത്ഥന നടത്തിയത് അദ്ദേഹം അയാളോട് (മുമ്പ്) ചെയ്ത ഒരു വാഗ്ദാനമനുസരിച്ച് മാത്രമായിരുന്നു. എന്നാൽ അയാൾ അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് സ്പഷ്ടമായപ്പോൾ ആ വാഗ്ദാനത്തിൽ നിന്ന് അദ്ദേഹം വിട്ടുമാറുകയാണുണ്ടായത്. തീർച്ചയായും ഇബ്റാഹീം വലിയ ആർദ്രഹൃദയനും സഹനശീലനുമായിരുന്നു(9:114)

(ഹുസൂർ (*atba*) പ്രവാചകനായ നൂഹ് (അ)ന്റെ ഉദാഹരണവും എടുത്തുകാട്ടുകയുണ്ടായി. അവിശ്വാസിയായ തന്റെ പുത്രനുവേണ്ടി പ്രാർത്ഥിച്ച മദ്ധ്യസ്ഥത വഹിച്ച സംഭവം. അല്ലാഹു(ത) അദ്ദേഹത്തെ കർശനമായി ശാസിക്കുകയുണ്ടായി. അല്ലാഹു(ത)യുടെ ഉൾക്കാഴ്ച പ്രകാരം, ഇത് ഒരു അനുചിതമായ പ്രാർത്ഥനയായിരുന്നു. ഒരു മനുഷ്യനെ സംബന്ധിച്ച് അല്ലാഹുവിനു മാത്രമെ അറിയുകയുള്ളു. ഒരു പ്രവചാകനുപോലും ഒരു മനുഷ്യനെപറ്റി അറിയുകില്ല. അല്ലാഹു(ത) ഹസ്രത് നൂഹ് (അ)നോടു പറയുന്നു. അതായത് അവൻ നിന്റെ പുത്രനല്ല, നിന്റെ യഥാർത്ഥ കുടുംബം എന്നുപറയുന്നത് കപ്പലിൽ നിന്നോടൊപ്പമുള്ളവരാണ്.

ഹുസൂർ(*atba)* തന്റെ തന്നെ ഉദാഹരണം, മദ്ധ്യസ്ഥത സംബന്ധിച്ച്, എടുത്തു പറയുകയുണ്ടായി. ഹുസൂർ(*atba)* എടുത്തുപറയുന്നു. രണ്ടു കാര്യങ്ങളിൽ മദ്ധ്യസ്ഥത വഹിക്കുവാൻ ഞാൻ ശ്രമിച്ചപ്പോൾ, രണ്ടു പ്രാവശ്യവും അല്ലാഹുവിൽ നിന്ന് കർശനമായ താക്കീത് വരുകയുണ്ടായി. ഹസ്രത് നൂഹ് (അ)ഇന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹം തന്നെ, മനസ്സിലാക്കുമായിരുന്നു, അല്ലാഹു(ത)യിൽ നിന്നും വരുന്ന ദൈവീകമായ കർശന താക്കീതിന്റെ വേദനഎത്രമാത്രമാണെന്ന്? ഹുസൂർ(*atba)*പറയുന്നു. ഭൂമിയിൽ എല്ലാതരം തീവ്രപരീക്ഷണങ്ങളിലൂടെയും കടന്നുപോകുന്നതാണ് നല്ലത്. ദൈവവഴിയിൽ എല്ലാ വേദനകളും ത്യാഗങ്ങളും സഹിക്കുന്നതാണ് നല്ലത്, ദൈവസന്നിധിയിൽ നിന്നും വരുന്ന ശാസനയെക്കാൾ!

വിശുദ്ധഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു(ത) പറയുന്നു. ആകാശങ്ങളിൽ നിരവധി മലക്കുകളുണ്ട്. (എന്നാൽ) അല്ലാഹു ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് വേണ്ടി അവൻ അനുമതി നല്കിയതിനു ശേഷമല്ലാതെ (മറ്റാർക്കും) അവരുടെ ശുപാർശ ഒരു പ്രയോജനവും ചെയ്യുകയില്ല 53 :27

ഹുസൂർ(*atba*) വിശദീകരിക്കുന്നു. (ഈ വചനവും അതിന്റെ വിശദീകരണവും അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിച്ച ഒരു ചോദ്യത്തിനുള്ള മറുപടിയാകുന്നു. ജനങ്ങൾക്ക് മുഴുവൻ പ്രയോജനം ലഭിക്കുന്നതിനായി ഞാനിത് വെള്ളിയാഴ്ച ഖുത്തുബയിലൂടെ വിവരിക്കുകയാണ്.

നമ്മുടെ ശ്രദ്ധ, അല്ലാഹു(ത) ക്ഷണിക്കുന്ന ഈ പ്രത്യേക വചനത്തിലെ ഈ മദ്ധ്യസ്ഥത ശഫാഅത്ത്, മാലാഖമാരുടേതു മാത്രമാകുന്നു. ഈ പ്രത്യേക വചനത്തിൽ മലക്കിൻ (മാലാഖ) എന്നവാക്ക് മനുഷ്യർക്കും മാലാഖമാർക്കും ഉപയോഗിക്കാവുന്നതാണ്. മനുഷ്യരായ മാലാഖമാർ അല്ലാഹുവിന്റെ പ്രവാചകന്മാരാകുന്നു. ഔന്നത്യ നിലവാരത്തിൽ മാലാഖമാർക്കു ഉപരിയാണെന്ന് ഇസ്ലാമിക വീക്ഷണത്തിൽ അറിയപ്പെടുന്ന കാര്യവുമാകുന്നു. പ്രസ്തുത മനുഷ്യമാലാഖമാർ, എന്നപദം സാധാരണ ആളുകൾക്കും ഉപയോഗിക്കാവുന്നതാണ്. എന്ന് നാം പറയുകയാണെങ്കിൽ, അതായത് സാധാരണ പുരുഷന്മാർക്കും സ്ത്രീകൾക്കും അത് ശരിയായിരിക്കില്ല. കാരണം പ്രസ്തുത വചനത്തിന് ശേഷം അല്ലാഹു(ത) പറയുന്നു. പരലോകത്തിൽ വിശ്വസിക്കാത്ത ആളുകൾ സ്ത്രീകൾക്ക് നാമകരണം ചെയ്യുന്നവിധം മലക്കുകൾക്ക് നാമകരണം ചെയ്യുന്നു. അതിനെ സംബന്ധിച്ച് അവർക്ക് ഒരു വിവരവുമില്ല. ഊഹത്തെയല്ലാതെ അവർ പിന്തുടരുന്നില്ല. ഊഹമാകട്ടെ സത്യത്തിനെതിരിൽ പ്രയോജനമൊന്നും ചെയ്യുകയില്ലതാനും (53-28,29)

ഒരു സത്യം നിഷേധിക്കുവാൻ കഴിയില്ല, അതായത് ഈ താത്ക്കാലിക ലോകത്തിൽ അല്ലാഹു(ത)യുടെ പ്രവാചകന്മാരായി സ്ത്രീകളെ നിയമിക്കുവാൻ കഴിയില്ല, അവർ എത്രതന്നെ സ്വാതികരായാലും ശരി!

ഹുസൂർ(***atba***) വിവരിക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്ത്രീകൾക്ക് വളരെ സമുന്നതമായ സ്ഥാനത്ത് എത്തിച്ചേരുവാൻ കഴിയുന്നതാണ്. അവർക്ക് പ്രവാചകന്മാരായി തീരാൻ കഴിയില്ലെങ്കിലും പ്രവാചകന്മാരുടെ മാതാക്കളായി തീരാൻ സാധിക്കുന്നതാണ്. അവർക്ക് പ്രവാചകന്മാരായി തീരുവാൻ കഴിയുന്നില്ലെങ്കിലും അവർക്ക് അവരുടെ മാതാക്കളായി തീരുവാനുള്ള അനുഗ്രഹം ലഭിക്കുന്നു. അവർ പ്രവാചകന്മാരെ പ്രസവിക്കുന്നു. തീർച്ചയായും എല്ലാ പ്രവാചകന്മാർക്കും അതെ, മറ്റേതു ഒരു മനുഷ്യനും ഉള്ളതുപോലെ, മാതാക്കളുണ്ടായിരുന്നു.

പ്രത്യേകമായ ആളുകൾക്ക്, പ്രത്യേകമായ പദവി നല്കുകയാണ് ചെയ്യുന്നത്. അതായത് ജനങ്ങളെ, ലോകത്തെ സംസ്ക്കരിക്കുന്നതിനായി അവനിൽ നിന്നും ഒരാളെ തെരഞ്ഞെടുത്തയ്ക്കമ്പോൾ, വിശിഷ്യാ സാർവ്വലൗകിക പ്രവാചകനായ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യെ നിയോഗിച്ചതുപോലെ, അദ്ദേഹത്തിന്റെ സഹായികളായ പ്രതിനിധികളെ അദ്ദേഹത്തിനുശേഷം നിയോഗിക്കുന്നതുപോലെ! (അതായത് ശരീഅത്തില്ലാത്ത പ്രവാചകന്മാരും മതപരിഷ്ക്കർത്താക്കളും)

സൂറ:അന്നജ്മിലെ 27-ാം വചനം അതിലൂടെ അല്ലാഹു(ത) നമ്മുടെ പ്രത്യേകമായ ശ്രദ്ധക്ഷണിക്കുകയാണ്. മാലാഖമാർക്കും, നമുക്ക് വേണ്ടി, മനുഷ്യർക്കുവേണ്ടി, മദ്ധ്യസ്ഥതവഹിക്കുവാൻ കഴിയുന്നതാണ്. എപ്പോഴൊക്കെ സ്വാതികരായ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഒരുമിച്ചു കൂടുന്നുവോ അപ്പോഴൊക്കെ, അവിടെ മാലാഖമാരും വട്ടമിട്ടും നില്ക്കും. ഒരുകോട്ടകെട്ടിയ സദസ്സുപോലെ, അവരും അവൾക്കുവേണ്ടി പ്രാർത്ഥനയിൽ കൂടും. അവരുടെ ഭൗതികവും ആത്മീയവുമായ ഉയർച്ചയ്ക്കായി വിജയത്തിനായി പ്രാർത്ഥിക്കുന്നതാണ്. മാലാഖമാർക്കിടയിലും, ഭൂമിയിലെ മനുഷ്യരെപോലെ, അവരിൽ ചിലർക്ക് മറ്റു ചിലരെക്കാൾ ഉന്നതമായ പദവികളുണ്ട്. ഉദാഹരണമായി പറഞ്ഞാൽ ജിബ്രീൽ(അ)നെയും മീക്കാഈൽ(അ)നെയും ഇസ്റാഫീൽ (അ)നെയും പോലെ!

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അല്ലാഹു(ത)യോട് ഇപ്രകാരം പ്രാർത്ഥിച്ചതായി അറിയപ്പെടുന്നു. യാ അല്ലാഹ്! ജിബ്‌രീലിന്റെ രക്ഷിതാവേ! മീക്കാഈലിന്റെയും ഇസ്‌റാഫീലിന്റെയും രക്ഷിതാവേ, ആകാശഭൂമികളുടെ സൃഷ്ടാവേ, ദൃശ്യവും അദൃശ്യവും അറിയുന്നവനെ! നിന്റെ ദാസർ ഭിന്നിക്കുന്ന കാര്യത്തിൽ വിധികർത്താവായിട്ടുള്ളവൻ നീയാകുന്നു. ഭിന്നിച്ച കാര്യങ്ങളിൽ വിധിപറയാനായി നീ എനിക്ക് മാർഗദർശനം നല്കിയാലും, നേർപാതയിൽ ചരിക്കുവാൻ, നീ ഉദ്ദേശിക്കുന്നവർക്ക്, നീ മാർഗദർശനം നല്കുന്നവനാണല്ലോ(മുസ്ലിം)

അങ്ങനെ, ഇസ്ലാമിന്റെ അധ്യാപനങ്ങളിൽ നിന്നും നാം പഠിച്ച പാഠം, അതായത്, ശഫാഅത്തിനു (മദ്ധ്യസ്ഥത)ള്ള അനുവാദം അല്ലാഹുവിന്റെ തെരഞ്ഞെടുത്ത ദാസന്മാർക്ക് അവൻ നല്കുന്നതാണ് എന്നാകുന്നു. അവരിൽ അത് പ്രവാചകന്മാർക്കാകാം, മാലഖമാർക്കാകാം, ഇരുകൂട്ടർക്കും അല്ലാഹു(ത) ഈ കാര്യത്തിൽ നല്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ചായിരിക്കും ഇരുകൂട്ടരും, അവർക്ക് അല്ലാഹു(ത) നല്കി ശഫാഅത്ത് അല്ലാഹുവിന്റെ മറ്റു ദാസന്മാർക്ക് വേണ്ടി (മദ്ധ്യസ്ഥത) പ്രാർത്ഥന രൂപത്തിൽ നടത്തുന്നത്. പ്രസ്തുത ശഫാഅത്ത്, ഗുരുതരമായ ശിക്ഷയ്ക്ക് പാത്രീഭൂതരാകാൻ സാധ്യതയുള്ളവർക്ക് വേണ്ടിയും, ഗുരുതരാപകടത്തിൽപ്പെട്ട് നരകത്തിലേക്ക് പതിക്കാൻ ഇടയുള്ളവർക്ക് വേണ്ടിയുമാകുന്നു. ഈ ശഫാഅത്ത് ഭൂമിയിൽ വെച്ചുമാകാം, വിശിഷ്യാ അല്ലാഹുവിന്റെ ദൂതന്റെ ജീവിതകാലത്ത്! അഥവാ ഖലീഫത്തുല്ലാഹ്‌യുടെ ജീവിതകാലത്ത്! അഥവാ മുജദ്ദിദീന്റെ ജീവിതകാലത്ത്! എന്നാൽ പലപ്പോഴും ഇത് പാരത്രിക ലോകത്തുവെച്ചാണ് അധികമായുണ്ടാവുക!

നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമാണ്, അല്ലാഹു(ത) എല്ലാം മാപ്പുചെയ്യുന്നവനാണ് എന്ന്! അവനുദ്ദേശിക്കുന്നവർക്ക് അവൻ മാപ്പ് ചെയ്യുന്നു. അത് എത്ര ഗുരുതരമായ പാപമാണെങ്കിലും ചെറിയ പാപമാണെങ്കിലും അവന് പൊറുത്തുകൊടുക്കുവാൻ കഴിയും. എന്നാൽ ശിർക്ക് അവൻ മാപ്പാക്കുകയില്ല. അല്ലെങ്കിൽ അവന്റെ ഭൂമിയിലെ മരണത്തിന് മുൻപ് പ്രസ്തുത വ്യക്തി പശ്ചാത്തപിക്കുകയും അതേ

തുടർന്ന് പ്രസ്തുത വ്യക്തിയിൽ കാര്യമായ മാറ്റം സംഭവിക്കുകയും ചെയ്തിരിക്കണം. ഇങ്ങനെ ആയിരുന്നെങ്കിൽ ഹസ്രത് ഇബ്റാഹീം (അ)ന്റെ പിതാവിന് അല്ലാഹു(ത) മാപ്പ് ചെയ്യുമായിരുന്നു. മൂസ(അ)ന്റെ കാലത്തെ ഫറോവയ്ക്ക് മാപ്പ് ചെയ്യുമായിരുന്നു. മുഹമ്മദ് മുസ്തഫ(സ)യുടെ പിതൃവ്യനായ അബൂത്വാലിബ്ന് മാപ്പു കൊടുക്കുമായിരുന്നു. അദ്ദേഹം നബികരീം(സ)നെ മകനെപോലെ സ്നേഹിച്ചിരുന്നു. എന്നാൽ അദ്ദേഹം ജനങ്ങളെ ഭയന്നു അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിച്ചില്ല. അദ്ദേഹത്തിന്റെ സഹോദരപുത്രനായ അല്ലാഹുവിന്റെ പ്രവാചകനെ വിശ്വസിച്ചില്ല.

ഇതൊരിക്കലും ഒരു തെറ്റല്ല എന്ന് ഉറപ്പിച്ചു പറയുകയാണ് ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുടെ വരവിന് ശേഷവും, അദ്ദേഹത്തിന്റെ സമുദായത്തിലെ അനുഗൃഹീതരായ പ്രതിനിധികൾ, ഇസ്ലാമിലെ തെരഞ്ഞെടുക്കപ്പെട്ട മുജദ്ദിദീങ്ങൾക്കും, പാരത്രിക ലോകത്ത് ശഫാഅത്തിന്റെ അനുഗ്രഹം ലഭിക്കുന്നതാണ്. അവരവരുടെ കാലഘട്ടത്തിലെ ജനങ്ങൾക്കായി! കാരണം പരിശുദ്ധപ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫ (സ)യുമായി അവർക്കുള്ള ഗാഢബന്ധം മൂലമാണത്.

പ്രവാചക പ്രഭു(സ)പറഞ്ഞു. ബനൂതമീം ഗ്രോത്രങ്ങളിലെ മുഴുവൻ ആളുകളെക്കാൾ കൂടുതൽ, എന്റെ സമുദായത്തിൽ നിന്നുള്ള, ഒരാളുടെ ശഫാഅത്തുമൂലം, സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അപ്പോൾ പറയപ്പെട്ടു. അല്ലാഹുവിന്റെ ദൂതരെ! അങ്ങല്ലാത്ത മറ്റാരെങ്കിലുമാണോ? പ്രവാചകൻ(സ) മറുപടി പറഞ്ഞു. ഞാനല്ലാത്ത മറ്റൊരാൾ (ഇബ്ന് മാജ, അഹ്മദ്)

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. പരമകാരുണികൻ (ഏതൊരാൾക്ക് ശുപാർശ ചെയ്യുവാൻ) അനുമതി നല്കുകയും അയാൾക്ക് വേണ്ടി സംസാരിക്കുന്നത് ഇഷ്ടപ്പെടുകയും ചെയ്തുവോ അങ്ങനെയുള്ളവർക്കല്ലാതെ അന്നാളിൽ ആർക്കും ശുപാർശ പ്രയോജനപ്പെടുകയില്ല(20:110)

മറ്റൊരാൾക്ക് അനുകൂലമായി ശുപാർശ ചെയ്യുവാൻ അല്ലാഹു (ത) അനുവാദം നല്കുന്നു എന്നു പറഞ്ഞാൽ, വിശിഷ്യാ തെറ്റുകാരായ ആളുകൾക്ക്, അല്ലാഹു(ത) യുടെ മനസ്സിൽ അവർക്ക് പൊറുത്തുകൊടുക്കണമെന്നുണ്ട്, അപ്പോഴാണ് തന്റെ പ്രവാചകന്മാർക്ക് ശഫാഅത്തിനുള്ള അനുവാദം അവർക്കായി നല്കപ്പെടുന്നത്. ഇത് അവരോടുള്ള തന്റെ (അല്ലാഹുവിന്റെ) സൗഹൃദം പ്രകടിപ്പിക്കുവാനും അതോടൊപ്പം കുറ്റക്കാരോടുള്ള കാരുണ്യം പ്രകടമാക്കുവാനുമാകുന്നു.

ഈ പ്രധാനപ്പെട്ട വിഷയം ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ഉമ്മത്തിന് മനസ്സിലാക്കുവാനുള്ള സഹായം അല്ലാഹു(ത) അവർക്ക് പ്രദാനം ചെയ്യട്ടെ! ഹസ്രത് മുഹമ്മദ് (സ)യ്ക്കു നല്കിയ ഈ ശഫാഅത്ത്, അദ്ദേഹത്തിന്റെ പ്രതിനിധികൾക്കും (ഖലീഫത്തുല്ലാഹ്) ലഭ്യമാകുന്ന ഈ ശഫാഅത്ത് ആർക്കും നല്കാവുന്നതാണെന്നും പരിധിയില്ലാത്തതാണെന്നും പറഞ്ഞ് കുഴപ്പമുണ്ടാക്കരുത്. അവന്റെ ദാസന്മാരുടെ ഹൃദയങ്ങൾ ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു മാത്രമാണ്. ആരുടെ ഹൃദയമാണ് പശ്ചാത്തപിക്കുന്നത് എന്നും ആരുടെ ഹൃദയം പശ്ചാത്തപിക്കുന്നില്ല എന്നും അറിയുന്നവൻ അവൻ മാത്രമാണ്. മൊത്തത്തിൽ, എല്ലാം അല്ലാഹുവിന്റെ കരങ്ങളിലാണ്! അവന്റെ ഭരണം മാത്രമാണ് ഇഹലോകത്തും നാളെ പരലോകത്തും! അവന്റെ എല്ലാ സൃഷ്ടികളുടെ മേലും അവന്റെ തീരുമാനം മാത്രമാണുള്ളത്! തീർച്ചയായും യഥാർത്ഥ മാർഗദർശനം അല്ലാഹുവിന്റെ മാർഗദർശനം മാത്രമാണ് ആമീൻ സുമ്മ ആമീൻ.

ഇൻശ അല്ലാഹ് ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*